**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3400** **01-03-2023 - ൽ മറുപടിയ്ക്ക്**

**സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റിലെ ഫീൽഡ് ഡ്യൂട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 എന്നീ ഉദ്യോഗസ്ഥരുടെ ജോലി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 02-05-01985 ലെ സ.ഉ(കൈ)നം.420/1985/റവ ഉത്തരവ് പ്രകാരം സർവെയും ഭൂരേഖയും വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻമാരുടെ കർത്തവ്യങ്ങളും ചുമതലകളും നിർവ്വചിച്ചിട്ടുള്ളതാണ്. ഇതു പ്രകാരം ഡ്രാഫ്റ്റ്സ്മാൻമാർക്ക് നിർവചിച്ചിട്ടുള്ള ജോലികൾ ചുവടെ ചേർക്കുന്നു.<br><br>1. എല്ലാ ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരും എല്ലാവിധ ടെക്നിക്കൽ ജോലികളും നിർവ്വഹിക്കാൻ പര്യാപ്തരാകേണ്ടതാണ്.<br><br>2. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ നിശ്ചിത മാതൃകയിലുള്ള ഡയറി എല്ലാ ദിവസവും എഴുതി സൂക്ഷിക്കേണ്ടതും, എല്ലാ ദിവസവും പരിശോധന നടത്തി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കുന്ന റിക്കാർഡുകളോടൊപ്പം, ടി ഡയറിയും സമർപ്പിക്കേണ്ടതാണ്.<br><br>3. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ പ്രതിദിനം നിർവ്വഹിക്കുന്ന ജോലിയുടെ അളവ്, ഓരോ ദിവസവും നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ഔട്ടേണിനേക്കാൾ കുറയാൻ പാടില്ലാത്തതാണ്.<br><br>4. സർവെ റിക്കാർഡുകളുടെ പരിശോധനയിൽ അപാകതകൾ കണ്ടെത്തുന്ന പക്ഷം ഫസ്റ്റ് ഗ്രേഡ്/ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ അപാകതാ ലിസ്റ്റ് തയ്യാറാക്കി മേലുദ്യോഗസ്ഥന്മാർക്ക് സമർപ്പിക്കേണ്ടതും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.<br><br>5. നിർവ്വഹിക്കുന്ന ജോലികളുടെ ഗുണനിലവാരവും, അളവിനേയും സംബന്ധിച്ച ഉത്തരവാദിത്തം ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ ഏറ്റെടുക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 6. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ പലവക ജോലികൾ , പേപ്പറുകളുടെ ദുരുപയോഗം എന്നിവ ചെയ്യാൻ പാടില്ലാത്തതും സർവെ റിക്കാർഡുകൾ ശ്രദ്ധയോടെയും വൃത്തിയായും കൈകാര്യം ചെയ്യേണ്ടതുമാണ്.<br><br>7. മേലുദ്യോഗസ്ഥൻമാർ ഏൽപ്പിക്കുന്ന എല്ലാവിധ ഓഫീസ് ടെക്നിക്കൽ ജോലികളും, ക്ലറിക്കൽ ജോലികളും ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ നിർവ്വഹിക്കേണ്ടതാണ്.<br><br>8. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ ആവശ്യമായി വരുന്ന സന്ദർഭങ്ങളിലെല്ലാം സർവെ റിക്കാർഡുകൾ സൂക്ഷ്മ പരിശോധന നടത്തി അപാകതാ ലിസ്റ്റ് തയ്യാറാക്കി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കേണ്ടതാണ്.<br><br>9. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ പരിശോധിക്കുന്ന എല്ലാ റിക്കാർഡുകളിലും, തയ്യാറാക്കുന്ന അപാകതാ ലിസ്റ്റിലും തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.<br><br>10. ഒത്തുനോക്കൽ ജോലി നിർവ്വഹിക്കുന്ന ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ അതിലെ ന്യൂനതകൾ അപാകതാ ലിസ്റ്റിൽ കുറിച്ച് മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.<br><br>11. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ, മേലുദ്യോഗസ്ഥനമാരുടെ മേൽ നോട്ടത്തിന് അനുസൃതമായി ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും, മേൽ നോട്ടത്തിലും പ്രവർത്തിക്കേണ്ടതാണ്.<br><br>ഇdue കൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 15-12-2022 ലെ സ.ഉ(സാധാ)നം.5076/2022/റവ ഉത്തരവ്, 24-01-2023 ലെ സ.ഉ(സാധാ)നം.399/2023/റവ ഉത്തരവ് എന്നിവ പ്രകാരം ഉത്തരവായിട്ടുള്ള ടി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയ Standard Operating Procedure(SOP) പ്രകാരം ഫീൽഡ് സർവെ പ്രവർത്തനങ്ങൾക്കു മുന്നോടിയായി ഡ്രാഫ്റ്റ് ഫോം നമ്പർ 50 തയ്യാറാക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് ഡ്രാഫ്റ്റ്സ്മാൻമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഫീൽഡ് ഡ്യൂട്ടി ഉണ്ടോ; എങ്കിൽ എത്ര പേരാണ് ഫീൽഡ് ഡ്യൂട്ടിക്ക് പോകുന്നതെന്ന് ജില്ല അടിസ്ഥാനത്തിൽ | (ബി) | ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി ഡ്രാഫ്റ്റ് ഫോം നം 50 തയ്യാറാക്കുന്നതിനുള്ള ഡാറ്റ കളക്ഷൻ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; ഫീൽഡിൽ പോകുന്നില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | | ജോലികൾ നിർവ്വഹിക്കുന്നതിന് ഡ്രാഫ്റ്റസ്മാൻ മാരെ എല്ലാ ജില്ലകളിലും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>അതോടൊപ്പം ഡ്രാഫ്റ്റസ്മാൻ മാരെ ഫീൽഡ് ഡ്യൂട്ടിക്ക് നിയോഗിച്ചതിനെതിരെ ഫയൽ ചെയ്ത OA (EKM) 1905/2022 നം കേസിലെ 23-02-2023ലെ വിധിയിൽ സർക്കാരിന് അനുകൂലമായി ഉത്തരവ് വന്നിട്ടുള്ളതും, ഇതു പ്രകാരം എല്ലാ ജില്ലകളിലും കൂടുതൽ ഡ്രാഫ്റ്റ്സ്മാൻമാരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | റീസർവേ ഫീൽഡിൽ ഫോം 15 വർക്ക് ആരാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ? | (സി) | 15-12-2022ലെ സ.ഉ(സാധാ)നം.5076/2022/റവ ഉത്തരവ്, 24-01-2023 ലെ സ.ഉ(സാധാ)നം.399/2023/റവ എന്നീ ഉത്തരവുകൾ പ്രകാരം ഡിജിറ്റൽ സർവെ പ്രവർത്തനങ്ങളിൽ ഫീൽഡ് സർവെ പ്രവർത്തനങ്ങൾക്കു മുന്നോടിയായി ഡ്രാഫ്റ്റ് ഫോം നമ്പർ 50 തയ്യാറാക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ ജോലികൾ നിർവ്വഹിക്കേണ്ടത് ഡ്രാഫ്റ്റ്സ്മാൻമാരും ,അത് അന്തിമമാക്കുന്നത് സർവെയർമാരുമാണ് |

സെക്ഷൻ ഓഫീസർ